(ഡി) ഈ തുകകൂടി കണക്കിലെടുത്തശേഷമാണോ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക നില വ്യക്തമാക്കിയിരിക്കുന്നത് ;

(ഇ) ഈ തുക വകമാറി ചെലവഴിക്കില്ലെന്ന് ഗവൺമെന്റിന് വേണ്ടി ഹൈക്കോടതിയിൽ ഉറപ്പ് നൽകിയിട്ടുണ്ടോ ;

(എഫ്) ഈ സാമ്പത്തിക വർഷം എത്ര രൂപ ഇതിൽ നിന്നും ചെലവഴിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ജി) ഈ തുകയ്ക്ക് എത്ര ശതമാനമാണ് പലിശനിരക്ക് എന്നും ഒരു വർഷം ഈ തുകയ്ക്കുവേണ്ടി എത്ര രൂപ പലിശയിനത്തിൽ നൽകേണ്ടി വരുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ ) 115.54 കോടി രൂപ ഓവർഡ്രാഫ്റ്റിൽ ആയിരുന്നു.

(ബി) സർക്കാരിന്റെ ദൈനംദിന ചെലവുകൾക്കുള്ള തുക സർക്കാരിന് ലഭിക്കുന്ന വിവിധ വരവുകളിലൂടെ കണ്ടെത്താനാകുന്നുണ്ട്. എന്നാൽ ചില അത്യാവശ്യ സന്ദർഭങ്ങളിൽ വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുക്കേണ്ടി വരുന്നുണ്ട്. വളരെ അപൂർവ്വം സന്ദർഭങ്ങളിൽ ഓവർ ഡ്രാഫ്റ്റിനെ ആശ്രയിക്കേണ്ടി വരുന്നുണ്ട്.

(സി) അതെ.

(ഡി) അതെ.

(ഇ) ഇല്ല

(എഫ്) ഈ സാമ്പത്തിക വർഷം 50 കോടി ചെലവഴിക്കണം എന്നാണ് കരുതിയിരുന്നത്. എന്നാൽ ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ജി) സ്വരൂപിച്ച തുകയുടെ പലിശ അർദ്ധവാർഷിക നിരക്ക് 13.25 % ഉം വാർഷികനിരക്ക് 13.69 % ഉം ആണ്. ഈ നിരക്കിൽ വാർഷിക പലിശ 69.42 കോടി രൂപയോളം വരും.

## വിദേശ മൂലധന നിക്ഷേപം

2 (2715) ശ്രീ. പി. രാജു :
ശ്രീ. ജോസ് ബേബി :
പ്രൊഫ. മീനാക്ഷിതമ്പാൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദേശ മൂലധന നിക്ഷേപം എത്രയാണ് ;

(ബി) ഇവ ഏതെല്ലാം പദ്ധതികൾക്ക് എത്ര വീതം മുടക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി ) സംസ്ഥാനത്തിന്റെ വിദേശ മൂലധന നിക്ഷേപം എത്രയെന്ന് കൃത്യമായി പറയാൻ സാദ്ധ്യമല്ല. കാരണം പല വിദേശ കമ്പനികളും നേരിട്ട് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. കൂടാതെ പല ഏജൻസികളുടെ കീഴിലാണ് ഇവ പ്രവർത്തിക്കുന്നതും. വിദേശ നിക്ഷേപത്തിൽ പ്രവർത്തിക്കുന്ന വയിൽ പ്രധാനപ്പെട്ടവ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ പാലക്കാട് പ്രവർത്തിക്കുന്ന ഷായാ ഇൻഡസ്ട്രീസിന് 3.55 കോടി രൂപ വിദേശ മുതൽമുടക്കുണ്ട്. ഇതിന്റെ മൊത്തം മുതൽമുടക്ക് 13.50 കോടി രൂപയാണ്. അതുപോലെ കിൻഫ്രായുടെ കീഴിൽ എറണാകുളത്ത് പ്രവർത്തിക്കുന്ന കെ.സി.പി.എൽ എന്ന സ്ഥാപനത്തിന്റെ മൊത്തം മുതൽമുടക്കായ 80 കോടി രൂപയിൽ 18.09 കോടി രൂപ വിദേശ മുതൽമുടക്കാണ്. അതുപോലെ ടെക്നോ പാർക്കിൽ പ്രവർത്തിക്കുന്ന വിദേശ കമ്പനികളുടെ മൂലധന നിക്ഷേപം 1996-നു മുൻപ് 9 കോടി രൂപയും 1996 നുശേഷം 31.15 കോടി രൂപയും ആകുന്നു.

**ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട് ബോർഡിനുവേണ്ടി കടമെടുത്ത തുക**

3 (2716) ശ്രീ. ടി. എം. ജേക്കബ്ബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ഫണ്ട് ബോർഡിനുവേണ്ടി സർക്കാർ കടമെടുത്ത തുകയിൽ എത്ര കോടി വിവിധ ഏജൻസികൾക്ക് നൽകിയിട്ടുണ്ട് ;

(ബി) ഈ ഇനത്തിൽ പലിശയായി സർക്കാരിന് എന്ത് തുക ഇതുവരെ ലഭിച്ചിട്ടുണ്ട് ;

(സി) തുകയൊന്നും ലഭിച്ചിട്ടില്ലെങ്കിൽ പ്രതിമാസം സർക്കാരിന് ഈ യിനത്തിൽ നഷ്ടം വല്ലതും ഉണ്ടാകുന്നുണ്ടോ ; എത്ര കോടി ; ഇത് നികത്താൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇതുവരെ തുകയൊന്നും നൽകിയിട്ടില്ല.

(ബി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(സി) നഷ്ടം ഉണ്ടാകുന്നുണ്ടോ എന്ന് കണക്കാക്കിയിട്ടില്ല. വിവിധ ഏജൻസികൾക്ക് തുക നൽകാനുള്ള വ്യവസ്ഥകളിൽ ദീർഘകാല വായ്പകൾക്ക് ഒന്നാം ഗഡു വിതരണം ചെയ്തതിനുശേഷം ഒരു വർഷത്തെ ഇടവേളയ്ക്കുശേഷം പലിശ നൽകിയാൽ മതിയാകും. എന്നാൽ ഹ്രസ്വകാല വായ്പകൾക്ക് തുക വിതരണം ചെയ്ത തീയതി മുതൽതന്നെ പലിശ

LIBRARY ARCHIVES Kerala Legislative Assembly